ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ

192(2661) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തിയുടെ ഭാഗമായി നബാർഡിന്റെ സഹായത്താൽ നടപ്പിലാക്കുന്ന പദ്ധതി നാളിതുവരെയും ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) മുൻപരിചയവും സാങ്കേതിക മികവുമുള്ള ഉദ്യോഗസ്ഥരെ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതു വരെ പദ്ധതിയുടെ നിർവ്വഹണത്തിനായി ചേർത്തല കേന്ദ്രീകരിച്ച് സ്ഥിരമായി നിയോഗിക്കുന്നതിനും അപാകതകൾ ഉണ്ടാകുന്നപക്ഷം അവ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിശ്ചയിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നബാർഡിന്റെ സഹായത്തോടെ ചേർത്തല താലൂക്കിലെ 18 പഞ്ചായത്തിൽ നടപ്പാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിതരണ ശൃംഖല സ്ഥാപിക്കുന്ന ജോലി 8 പാക്കേജുകളായി ടെണ്ടർ ക്ഷണിക്കുകയും കേരള വാട്ടർ അതോറിറ്റി അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടുള്ളതുമാകുന്നു. ഇതിൽ പാക്കേജ് 4 (അരൂർ, എഴുപുന്ന, തുറവൂർ), പാക്കേജ് 6 (തൈക്കാട്ടുശ്ശേരി, പള്ളിപ്പുറം) എന്നിവ എഗ്രിമെന്റുവച്ച് പണി തുടങ്ങിയിട്ടുണ്ട്. 1 മുതൽ 3 വരെയുള്ള പാക്കേജുകൾക്കും 5, 7, 8 എന്നീ പാക്കേജുകൾക്കുമുള്ള ടെണ്ടറുകൾക്ക് പെർഫോർമൻസ് ഗ്യാരന്റിയോടുകൂടി എഗ്രിമെന്റ് വയ്ക്കുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പാക്കേജുകളുടെ കരാറുകാർ പെർഫോർമൻസ് ഗ്യാരന്റി ഒഴിവാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സുകൾ നൽകുകയും ആയവയ്ക്ക് 5-10-2015-ലെ വിധി പ്രകാരം പെർഫോർമൻസ് ഗ്യാരന്റി കരാറുകാരിൽനിന്നും ഈടാക്കുന്നത് ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കോടതി ഉത്തരവ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മുൻപരിചയവും സാങ്കേതിക മികവുമുള്ള ഉദ്യോഗസ്ഥരെ തന്നെയാണ് പ്രസ്തുത പദ്ധതി നിർവ്വഹണം നടത്തുന്നതിലേക്ക് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ജീവനക്കാരുടെ ഭാഗത്തുനിന്നും അപാകതയുണ്ടാകുന്നപക്ഷം അത് സംബന്ധിച്ച് അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly